കേരളകൗമുദി
22 മാർച്ച് 2019 വെള്ളി
തിരുവനന്തപുരം

ഇന്ത്യയിലെ ആദ്യ കോഡ്രിസൈക്കിൾ മോഡൽ വാഹനം

എക്സ് ഷോറൂം വില. ₹ 2,58,065

മാർക്കറ്റ്

23.28 ↑	സെൻസെക്സ്	38,386.75
11.35 ↓	നിഫ്ടി	11521.05

സ്വർണം

പവൻ (8ഗ്രാം)	23,920
ഒരു ഗ്രാം	2990

www.keralakaumudi.com www.facebook.com/keralakaumudi

ബജാജ് ക്യൂട്ട് കാർ വിപണിയിൽ

■ ഓൾ ഇന്ത്യ ലോഞ്ചിംഗ് ഇന്നലെ തിരുവനന്തപുരത്ത് നടന്നു

തിരുവനന്തപുരം: ത്രീ വീലറിനും ഫോർ വീലറിനും ഇടയിലുള്ള പുതിയ കോഡ്രിസൈക്കിൾ വിഭാഗത്തിൽ ഇന്ത്യയിൽ ഇതാദ്യമായി ബജാജ് ഓട്ടോ അവതരിപ്പിക്കുന്ന ക്യൂട്ട് കാർ വിപണിയിലിറങ്ങി.

കോവളം ലീലാ റാവിസ് ഹോട്ടലിൽ നടന്ന ഓൾ ഇന്ത്യാ ലോഞ്ചിംഗിൽ ബജാജ് ഓട്ടോ ആൾ ഇന്ത്യ ജനറൽ മാനേജർ എം.നരസിംഹ, ബിസിനസ് പ്ലാനിംഗ് മാനേജർ പ്രശാന്ത് ആഹേർ, ബജാജ് കേരള മേധാവി പ്രദീപ് രാമചന്ദ്രൻ ,ബജാജ് ഓട്ടോ കേരള ഡീലർമാർ തുടങ്ങിയവർ പങ്കെടുത്തു. ബജാജ് ക്യൂട്ട് കാറിന്റെ അംഗീകൃത ഡീലറായ കല്ലിംഗൽ ബജാജാണ് ചടങ്ങിന് ആതിഥേയത്വം വഹിച്ചത്.

കോവളത്ത് നടന്ന ബജാജ് ക്യൂട്ട് ഓൾ ഇന്ത്യാ ലോഞ്ചിംഗിൽ ബജാജ് ഓട്ടോ ആൾ ഇന്ത്യ ജനറൽ മാനേജർ എം.നരസിംഹ, ബിസിനസ് പ്ലാനിംഗ് മാനേജർ പ്രശാന്ത് ആഹേർ, ബജാജ് കേരള മേധാവി പ്രദീപ് രാമചന്ദ്രൻ എന്നിവർ

ബജാജ് ക്യൂട്ട്

- മൈലേജ്: പെട്രോളിൽ ലിറ്ററിന് 35 കിലോമീറ്ററും സി.എൻ.ജിയിൽ 43 കിലോമീറ്ററും
- ഭാരം : 450 കിലോഗ്രാം
- സീറ്റ്: നാല് പേർക്ക്
- നഗര യാത്രകൾക്ക് ഏറെ അനുയോജ്യം
- എത്ര തിരക്കിലും പാർക്കിംഗിന് സൗകര്യപ്രദം

ഏറെ ഇന്ധന ക്ഷമതയും കുറഞ്ഞ പരിപാലനച്ചെലവുമാണ് ബജാജ് ക്യൂട്ട് സവിശേഷത.

ഇന്ധനവില വീണ്ടും കത്തുന്നു

ക്രൂഡോയിൽ ഉത്പാദനം കുറഞ്ഞു, അമേരിക്കൻ ഉപരോധവും പ്രശ്നം

▸ബിസിനസ് ലേഖകൻ

കൊച്ചി: ഒരിടവേളയ്ക്ക് ശേഷം രാജ്യാന്തര ക്രൂഡോയിൽ വില വീണ്ടും കുതിപ്പിന്റെ ട്രാക്കിലേറി. ഉത്പാദനം കുറഞ്ഞതും പ്രമുഖ ഉത്പാദക രാജ്യങ്ങളായ ഇറാൻ, വെനസ്വേല എന്നിവയ്ക്കുമേലുള്ള അമേരിക്കൻ ഉപരോധവുമാണ് വിലക്കുതിപ്പിന്റെ പ്രധാന വളം. ബ്രെന്റ് ക്രൂഡ് വില ഇന്നലെ ബാരലിന് അഞ്ച് സെന്റ് ഉയർന്ന്, അഞ്ചുമാസത്തെ ഉയർന്ന നിരക്കായ 68.55 ഡോളറായി. കഴിഞ്ഞ നവംബർ 13ന് കുറിച്ച 68.69 ഡോളറിനുശേഷം ക്രൂഡോയിൽ കുറിക്കുന്ന ഏറ്റവും ഉയർന്ന വിലയാണിത്.

യു.എസ്. ക്രൂഡ് വില ബാരലിന് 60.10 ഡോളറാണ്. ഈ വർഷത്തെ ഏറ്റവും ഉയർന്ന നിരക്കാണിത്. അമേരിക്കൻ ഉപരോധമുള്ളതിനാൽ ഇറാൻ, വെനസ്വേല എന്നിവിടങ്ങളിൽ നിന്ന് വിപണിയിലേക്ക് ഇപ്പോൾ ആവശ്യത്തിന് ക്രൂഡോയിൽ എത്തുന്നില്ല. ഉത്പാദക രാജ്യങ്ങളുടെ കൂട്ടായ്മയായ ഓർഗനൈസേഷൻ ഒഫ് ദ പെട്രോളിയം എക്സ്പോർട്ടിംഗ് കൺട്രീസ് (ഒപെക്) ഉത്പാദനം വൻതോതിൽ വെട്ടിക്കുറച്ചതും തിരിച്ചടിയാണ്. 2018ൽ പ്രതിദിനം 32.8 ദശലക്ഷം ബാരൽ ക്രൂഡോയിൽ ഒപെക് രാഷ്ട്രങ്ങൾ വിപണിയിൽ എത്തിച്ചിരുന്നത്, ഇപ്പോൾ 30 ദശലക്ഷം ബാരലിലേക്ക് കുറഞ്ഞു.

അമേരിക്കൻ ഉത്പാദനത്തിൽ പത്ത് ദശലക്ഷം ബാരലിന്റെ കുറവുണ്ട്. വെനസ്വേലയിൽ നിന്ന് അമേരിക്കയിലേക്കുള്ള കയറ്റുമതി ഏതാണ്ട് നിലച്ചു. ഇറാനിൽ നിന്ന് ആഗോള വിപണിയിലെത്തുന്ന ക്രൂഡോയിലിൽ പ്രതിദിനം 20 ശതമാനം ഇടിവുണ്ടാക്കാനാണ് ഉപരോധത്തിലൂടെ അമേരിക്കൻ ശ്രമം. അങ്ങനെയായാൽ, ഇറാനിൽ നിന്ന് വിപണിയിലെത്തുന്ന ക്രൂഡോയിൽ പ്രതിദിനം 10 ലക്ഷം ബാരലിന് താഴെയായി കുറയും. കഴിഞ്ഞവാരം അമേരിക്കയിൽ ക്രൂഡോയിൽ ഉത്പാദനം റെക്കാഡ് സൃഷ്ടിച്ചിരുന്നു. 12.1 ദശലക്ഷം ബാരൽ ക്രൂഡോയിലാണ് കഴിഞ്ഞവാരം അമേരിക്ക ഉത്പാദിപ്പിച്ചത്. ഇത്, ലോകത്തെ ഏറ്റവും വലിയ ഉത്പാദകരായ റഷ്യ, സൗദി അറേബ്യ എന്നിവയേക്കാൾ കൂടുതലാണ്. വില കൂട്ടാനായി, ഉത്പാദനം വെട്ടിക്കുറച്ചതോടെയാണ് കഴിഞ്ഞയാഴ്ച റഷ്യയും സൗദിയും അമേരിക്കയ്ക്ക് പിന്നിലായത്.

$68.65

രാജ്യാന്തര ക്രൂഡോയിൽ വില (ബ്രെന്റ് ക്രൂഡ്) വില ബാരലിന് 68.65 ഡോളർ. ഈ വർഷത്തെ ഏറ്റവും ഉയർന്ന വിലയാണിത്.

കുതിപ്പിന് പിന്നിലെ രഹസ്യങ്ങൾ

1. *വില കൂട്ടാനായി ഉത്പാദനം നിയന്ത്രിക്കാനുള്ള ഒപെക് രാഷ്ട്രങ്ങളുടെയും റഷ്യയുടെയും തീരുമാനം*
2. *ഇറാൻ, വെനസ്വേല എന്നിവയ്ക്കുമേൽ അമേരിക്ക ഏർപ്പെടുത്തിയ ഉപരോധം മൂലം പത്ത് ശതമാനം കുറവ്*

പെട്രോൾ, ഡീസൽ വില കുതിച്ചുയരുന്നു

ആഗോള ക്രൂഡോയിൽ വിലയുടെ ചുവടുപിടിച്ച് കേരളത്തിൽ പെട്രോൾ, ഡീസൽ വിലകൾ കുതിച്ചുയരുകയാണ്. ഇന്നലെ തിരുവനന്തപുരത്ത് പെട്രോൾ വില ലിറ്ററിന് 76.03 രൂപയും ഡീസൽ വില ലിറ്ററിന് 71.73 രൂപയുമാണ്. ഈവർഷത്തെ ഏറ്റവും കൂടിയ വിലയാണിത്.

ജനവരി ഒന്നിന് പെട്രോൾ വില 71.82 രൂപയും ഡീസൽ വില 67.41 രൂപയുമായിരുന്നു. ഈവർഷം ഇതുവരെ പെട്രോളിന് 4.21 രൂപയും ഡീസലിന് 4.32 രൂപയുമാണ് കൂടിയത്.

ദക്ഷിണേഷ്യയിലെ ആദ്യ ട്രിബ്യുട്ട് പോർട്ട്ഫോളിയോ ഹോട്ടൽ കൊച്ചിയിൽ

കൊച്ചി: ദക്ഷിണേഷ്യയിലെ ആദ്യ ട്രിബ്യൂട്ട് പോർട്ട്ഫോളിയോ ഹോട്ടൽ നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപം ഉയരുന്നു. ട്വന്റി 14 ഹോൾഡിംഗ്സാണ് മാരിയറ്റ് ഇന്റർനാഷണലിന്റെ ഭാഗമായി 'പോർട്ട് മുസിരിസ്' ഹോട്ടൽ തുടങ്ങുന്നത്. ഏപ്രിലിൽ പ്രവർത്തനം ആരംഭിക്കും.

സന്ദർശകർക്ക് വിശിഷ്ടമായ അനുഭവമാണ് ട്വന്റി 14 ഹോൾഡിംഗ്സ് സമ്മാനിക്കുകയെന്ന് ട്വന്റി 14 മാനേജിംഗ് ഡയറക്ടർ അദീബ് അഹമ്മദ് പറഞ്ഞു. ലോക സഞ്ചാരികൾ തേടിവരുന്ന കേരളത്തിലെ വിനോദ സഞ്ചാര മേഖലയുടെ ഭാഗമാകുന്നതിൽ സന്തോഷമുണ്ട്. ഏറ്റവും മികച്ച സേവനം ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

വ്യത്യസ്തവും പുതുമ നിറഞ്ഞതുമായ വിനോദ സഞ്ചാര അനുഭവങ്ങൾ തേടുന്ന യാത്രികർക്കുള്ളതാണ് ട്രിബ്യൂട്ട് ഹോട്ടൽ. മികച്ച മാതൃകകളും മനോഹരങ്ങളായ പൊതുയിടങ്ങളും ഭക്ഷണ പാനീയങ്ങളും സേവനങ്ങളും ഒരുക്കും.

ട്വന്റി 14 ഹോൾഡിംഗിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പോർട്ട് മുസിരിസ് കൊച്ചി സഞ്ചാരികളെ ആകർഷിക്കുമെന്ന് മാരിയറ്റ് ഇന്റർനാഷണൽ ദക്ഷിണേഷ്യ ഏരിയ വൈസ് പ്രസിഡന്റ് നീരജ് ഗോവിൽ പറഞ്ഞു.

55 മുറികൾ, 2 റസ്റ്റോറന്റുകൾ, 150 പേർക്കിണങ്ങിയ ഹാൾ എന്നിവ ഉൾപ്പെടുന്ന പോർട്ട് മുസിരിസ് ട്വന്റി 14 യുടെ ഇന്ത്യയിലെ ആദ്യത്തെ ഹോട്ടലാണ്.

ട്വന്റി 14 ഹോൾഡിംഗ്സിന് യു.കെ, മിഡിലീസ്റ്റ്, ഇന്ത്യ എന്നിവിടങ്ങളിൽ 750 ദശലക്ഷം യു.എസ് ഡോളറിന്റെ ആസ്തി ആഡംബര ഹോട്ടൽ രംഗത്തുണ്ട്. ലണ്ടൻ മെട്രോപൊളിറ്റൻ പൊലീസിന്റെ മുൻ ആസ്ഥാനമായ 15 ഗ്രേറ്റ് സ്കോട്ട്ലാൻഡ് യാർഡിൽ ആഡംബര പഞ്ചനക്ഷത്ര ഹോട്ടൽ തയ്യാറായി വരുകയാണ്.

അദീബ് അഹമ്മദ്

മുത്തൂറ്റ് ക്യാപ്പിറ്റലിന് പുരസ്കാരം

കൊച്ചി: വാഹന വായ്പാ മേഖലയിലെ മികച്ച പ്രകടനത്തിന് ഇന്ത്യയിലെ 'ബെസ്റ്റ് കമ്പനി ഒഫ് ദി ഇയർ 2018' പുരസ്കാരം മുത്തൂറ്റ് ക്യാപ്പിറ്റൽ സർവീസസിന് ലഭിച്ചു. ബെർക്ക്ഷയർ മീഡിയ എൽ.എൽ.സി യു.എസ്.എയുടെ ഉപവിഭാഗമായ ബെർക്ക്ഷയർ മീഡിയ പ്രൈവറ്റ് ലിമിറ്റഡ് ഏർപ്പെടുത്തിയതാണ് പുരസ്കാരം.

യു.എസ്.എ ആസ്ഥാനമായ ആഗോള ബ്രാൻഡ് കൺസൾട്ടിംഗ്, മാർക്കറ്റ് ഗവേഷണ വിഭാഗമാണ് ബെർക്ക്ഷയർ മീഡിയ. വിപണിയിലെ സ്ഥാനം, നൂതന പദ്ധതികൾ, ഭരണ സംവിധാനം, സി.എസ്.ആർ എന്നിവയിലെ മുത്തൂറ്റ് ക്യാപ്പിറ്റൽ സർവീസസിന്റെ പ്രകടനമാണ് പുരസ്കാരത്തിന് അർഹമാക്കിയതെന്ന് മുത്തൂറ്റ് ക്യാപ്പിറ്റൽ മാനേജിംഗ് ഡയറക്ടർ തോമസ് ജോർജ് മുത്തൂറ്റ് പറഞ്ഞു. വാഹന വായ്പ തങ്ങളുടെ പ്രധാനപ്പെട്ട പ്രവർത്തന മേഖലയാണെന്ന് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ മധു അലക്സ്യൂസ് പറഞ്ഞു. മുംബെയിൽ നടന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു.

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	68.88	68.79
യൂറോ	78.18	78.09
പൗണ്ട്	91.11	91.02
സ്വിസ് ഫ്രാങ്ക്	68.95	68.83
സിംഗപ്പൂർ ഡോളർ	51.00	50.92
ആസ്ട്രേലിയ ഡോളർ	48.82	48.80
കനേഡിയൻ	51.66	51.57
ബഹ്റിൻ ദിനാർ	182.53	
കുവൈറ്റ് ദിനാർ	226.71	
ഒമാനി റിയാൽ	178.76	
സൗദി റിയാൽ	18.35	
യു. എ. ഇ. ദിർഹം	18.73	
ഖത്തർ റിയാൽ	18.90	

കമ്പോളനിലവാരം

കൊച്ചി	
വെളിച്ചെണ്ണ മില്ലിംഗ്	16,200
വെളിച്ചെണ്ണ	14,600
കൊപ്ര	9665-10,100
പിണ്ണാക്ക് എക്സ്പെല്ലർ	1900
പിണ്ണാക്ക് റോട്ടറി	2900
കുരുമുളക്	
ചേറാത്തത്	32,ഥ00
കുരുമുളക് പുതിയത്	31,ട00
കുരുമുളക് ചേറിയത്	34,ഥ00
പുതിയ ചുക്ക്	--
ചുക്ക് മീഡിയം	23,000
ചുക്ക് ബെസ്റ്റ്	26,500
മഞ്ഞൾ	12,500
സേലം-ഈറോഡ്	7300-7800
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	20,000-21,000
അടയ്ക്ക പഴയത്	--
പഞ്ചസാര	3580
വറ്റൽമുളക്	10,500-13,000
ഉഴുന്ന്	6300-7800
ചെറുപയർ	6800-7400
കടല	5500-6000
മുതിര	4500
എള്ള്	9500-10000
മല്ലി	6800-10,200
പച്ചരി നമ്പർ-2	2900
പുഴുക്കലരി (ജയ)	2800-2900
ഗ്രാമ്പു	725
പാം ഓയിൽ	6000
ജാതിക്ക	
തൊണ്ടൻ	225-250
തൊണ്ടില്ലാത്തത്	425-450
ജാതിപത്രി ചുവപ്പ്	800-900
പൈനാപ്പിൾ	
പച്ച	26.00
പഴം	31.00
സ്പെഷ്യൽ	27.00
റബർ	
ആർഎസ്എസ്4	12,900
ആർഎസ്എസ്-5	11,900-12,600
ഒട്ടുപാൽ	9500
ലാറ്റക്സ്	8100
കോട്ടയം	
ആർ.എസ്.എസ്4	125.00
ആർ.എസ്.എസ്5	122.00
തരംതിരിക്കാത്തത്	111.50
ഒട്ടുപാൽ	86.00
റബർ ബോർഡ്	
ആർ.എസ്.എസ്4	12900.00
ആർ.എസ്.എസ്5	12600.00
ഐ.എസ്.എൻ.ആർ20	12400.00
ഒട്ടുപാൽ	8240.00
ബാങ്കോക്ക്	
ആർ.എസ്.എസ്1	12436
ആർ.എസ്.എസ്2	12337
ആർ.എസ്.എസ്3	12190
ആർ.എസ്.എസ്4	11153
ആർ.എസ്.എസ്5	12055
കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്.എം.ആർ20	10154.00 (148.05)
60% ലാറ്റക്സ്	8309(121.15)
വെളിച്ചെണ്ണ	182.00
കൊപ്ര	121.00
ശർക്കര (മറയൂർ)	68.00
ശർക്കര (പാണ്ടി)	50.00
കാപ്പി	116.00
കണ്ണൂർ	
കൊപ്രക്വിന്റൽ	10000
വെളിച്ചെണ്ണ	
ടിൻ	2690
കിലോ	182
ലിറ്റർ	171
പിണ്ണാക്ക്ക്വിന്റൽ	2500
തേങ്ങക്വിന്റൽ	3200
ആലപ്പുഴ	
വെളിച്ചെണ്ണ മില്ലിംഗ്	16,000
വെളിച്ചെണ്ണ	15,100
കൊപ്ര	10,100
,,	10,150
,,	10,200
തൃശ്ശൂർ	
വെളിച്ചെണ്ണ (മില്ലിംഗ്)	15600
തയ്യാർ	14600
കൊപ്ര	10165
നാളികേരം	3375
തേങ്ങപിണ്ണാക്ക്	1900
നല്ലെണ്ണ	3200
കടലെണ്ണ	2200
എള്ളിൻപിണ്ണാക്ക്	3700
വെള്ളി	440
അടയ്ക്ക അമല	
പഴയത്	4200-4527
പുതിയത്	4000-4500
രണ്ടാംതരം	2500-2800
കൊക്കാല	
പഴയത്	4000-5000
പുതിയത്	4000-4500
രണ്ടാംതരം	1000-2500
പഴഞ്ഞി	
പഴയത്	4500-4900
പുതിയത്	4000-4500
രണ്ടാംതരം	--
നെടുമങ്ങാട്	
റബർ	114
ഒട്ടുപാൽ	82
തേങ്ങ	34
കുരുമുളക്	280
കുരുമുളക് (പച്ച)	105
കൊട്ടപ്പാക്ക്	185
വരവുമേനി	180
ജാതിക്ക	180
ജാതിപരിപ്പ്	380
ജാതിപത്രി	800
ഗ്രാമ്പ്	550
കാപ്പി	100
കൊക്കോ	12
കശു അണ്ടി	100
സ്വർണം	
കൊച്ചി(8ഗ്രാം)	23,920
ഒരുഗ്രാം	2990
വെള്ളി	
തിരുവനന്തപുരം	44,440
കൊച്ചി	44,440

ടൊയോട്ടയിൽ മെഗാ മാർച്ച് ഓഫർ

കൊച്ചി: ഏപ്രിൽ മുതൽ വിലവർദ്ധനവുള്ളതിനാൽ മാർച്ച് മാസത്തിൽ അവിശ്വസനീയമായ ഓഫറുകൾ നിപ്പോൺ ടൊയോട്ട പ്രഖ്യാപിച്ചു. തിരഞ്ഞെടുത്ത കോർപ്പറേറ്റുകൾക്കും സർക്കാർ ജീവനക്കാർക്കും വിരമിച്ച സർക്കാർ ജീവനക്കാർക്കും പ്രത്യേക ഓഫറുകളുണ്ട്. എക്സ്ചേഞ്ച് ഓഫറും സി.എസ്.ഡി പ്രൈസിംഗും ലഭിക്കും. തിരഞ്ഞെടുത്ത മോഡലുകൾക്ക് 1,40,000 രൂപയുടെ ആനുകൂല്യങ്ങളാണ് നിപ്പോൺ ടൊയോട്ടയിൽ ലഭ്യം. കൂടുതൽ വിവരങ്ങൾക്ക്: 8606986101

സർവീസ് ടാക്സ് അടച്ച 11 ലക്ഷം പേർക്ക് വേണ്ടി കെ.എസ്.എഫ്.ഇ ക്ലെയിം ഫയൽ ചെയ്തു

തൃശൂർ: ചിട്ടിഫോർമാൻ കമ്മിഷന് മേൽ സർവീസ് ടാക്സ് പിരിച്ചതു സംബന്ധിച്ച സുപ്രീം കോടതി വിധിയെ തുടർന്ന് 11.1 ലക്ഷം ഉപഭോക്താക്കൾക്ക് തുക തിരികെ കിട്ടാൻ കെ.എസ്.എഫ്.ഇ അതാത് സെൻട്രൽ ബോർഡ് ഒഫ് ഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് (സി.ബി.ഐ.സി) ഓഫീസുകളിൽ റീഫണ്ട് ക്ലെയിം ഫയൽ ചെയ്തു. മൊത്തം 159 കോടി രൂപയുടേതാണ് ക്ലെയിമുകൾ. കെ.എസ്.എഫ്.ഇ മുഖേന സർവീസ് ടാക്സ് കൊടുത്ത മുഴുവൻ പേരുടെയും ക്ലെയിമുകൾ ഇതിൽ ഉൾപ്പെടുന്നു. ഇതിൽ തീരുമാനമെടുക്കാൻ കമ്മിഷണറെ സമീപിക്കുകയും ചെയ്തിട്ടുണ്ട്.

റീഫണ്ട് അപേക്ഷകളിൽ തീരുമാനമെടുക്കാൻ സമയപരിധി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിക്കുമെന്നും കെ.എസ്.എഫ്.ഇ ചെയർമാൻ അഡ്വ. പീലിപ്പോസ് തോമസ് പറഞ്ഞു.

സി.ബി.ഐ.സി വകുപ്പ് ഈയിനത്തിൽ 2012 ജൂലായ് ഒന്നുമുതൽ 2015 ജൂൺ 14 വരെ നികുതി പിരിച്ചത് നിയമവിരുദ്ധമാണെന്ന് 2017 ജൂലായിൽ സുപ്രീംകോടതി ഉത്തരവിട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തുക തിരിച്ചുകിട്ടാൻ കെ.എസ്.എഫ്.ഇ ഹൈക്കോടതിയിൽ നിന്ന് അനുകൂല വിധി സമ്പാദിച്ചു. 2019 മാർച്ച് 13നകം ക്ലെയിം ഫയൽ ചെയ്യണമെന്നായിരുന്നു ഉത്തരവ്. ഈ സമയപരിധി ആറ് മാസം കൂടി നീട്ടിക്കിട്ടാൻ കെ.എസ്.എഫ്.ഇ റിവ്യൂ പെറ്റിഷനും സമർപ്പിച്ചിട്ടുണ്ട്.

ശാസ്ത്രകൗമുദി

വൃക്കയെ സംരക്ഷിക്കാൻ

കേരളത്തിൽ വൃക്കരോഗികളുടെ എണ്ണം വർദ്ധിക്കുകയാണ്. ആരോഗ്യകരമായ ഭക്ഷണശീലം, ജീവിതശൈലി എന്നിവയിലൂടെ വൃക്കരോഗത്തെ പ്രതിരോധിക്കാം. വ്യായാമം നിത്യജീവിതത്തിന്റെ ഭാഗമാക്കണം. രക്തസമ്മർദ്ദത്തെയും പ്രമേഹത്തെയും തടഞ്ഞും അമിതവണ്ണത്തെ നിയന്ത്രിച്ചുമാണ് വ്യായാമം വൃക്കയെ സംരക്ഷിക്കുന്നത്. പഴങ്ങൾ, നാരുകൾ അടങ്ങിയ ഭക്ഷണം എന്നിവ വൃക്കയുടെ ആരോഗ്യം നിലനിറുത്തും. ഇറച്ചി, മുട്ട, മൈദ, എന്നിവയും ഉപ്പിന്റെ അമിത ഉപയോഗവും കർശനമായി നിയന്ത്രിക്കുക.

പുകവലി വൃക്കയിലേക്കുള്ള രക്തയോട്ടം കുറച്ച് വൃക്കയെ അപകടപ്പെടുത്തും. വേദനസംഹാരികളുടെ അമിത ഉപയോഗം വൃക്കയ്ക്ക് ഹാനികരമാണ്. ദിവസം രണ്ട് ലിറ്റർ വെള്ളമെങ്കിലും കുടിയ്ക്കണം. വൃക്കപരിശോധന കൃത്യമായി നടത്തണം. പാരമ്പര്യമായി രോഗമുള്ളവർ, പ്രമേഹരോഗികൾ, അമിതവണ്ണം, രക്തസമ്മർദ്ദം എന്നിവയുള്ളവർ 40 വയസിന് ശേഷം നിർബന്ധമായും പരിശോധന നടത്തണം.

കൗമുദി ടിവി

- 6.00 മഹാഗുരു
- 6.26 am, pm ദൈവദശകം
- 6.30 ദേവാമൃതം
- 7.00 ജീസസ് ഈസ് എലൈവ്
- 7.30 പ്രണവം
- 8.30 ന്യൂസ് ട്രാക്ക്
- 9.00 മഹാഗുരു
- 9.30 ടർബോ ടാങ്ക് ക്ലീനർ
- 12.30 സാൾട്ട് ആൻഡ് പെപ്പർ
- 1.30 തപോദ്യം ആശ്രമം
- 2.00 ലേഡീസ് അവർ
- 3.00 കേരള ലോട്ടറി ഫലം ലൈവ്
- 4.00 താരപ്പകിട്ട്
- 5.00 പുതിയ പാട്ട്
- 5.30 ഡ്രീം ഡ്രൈവ്
- 6.00 ഹരിതം സുന്ദരം
- 6.30 ദേവാമൃതം
- 7.00 ഓമൈ ഗോഡ്
- 7.30 സ്നേക് മാസ്റ്റർ
- 8.00 ഫിലിം ബോക്സ്
- 8.30 സാൾട്ട് ആൻഡ് പെപ്പർ
- 9.00 നേർക്കണ്ണ്

ഡിഡി മലയാളം

- 7.00 കൃഷിദർശൻ
- 8.30 സുദിനം
- 11.05 സൂപ്പർ കോമഡി ചലഞ്ച്

ഏഷ്യാനെറ്റ്

- 6.00 കറുത്തമുത്ത്
- 6.30 വാനമ്പാടി
- 7.00 കസ്തൂരിമാൻ
- 7.30 കണ്ണന്റെ രാധ
- 8.00 നീലക്കുയിൽ

ന്യൂസ്

- 8.00 വാർത്താപ്രഭാതം
- 8.30 ചുറ്റുവട്ടം
- 12.30 നേർക്കുനേർ
- 2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്

- 6.00 നക്ഷത്രഫലങ്ങൾ
- 6.30 ഗീതാഞ്ജലി
- 3.30 ഫിലിമി തമാശ
- 4.00 ഗീതാഞ്ജലി
- 4.30 ഫിലിമി തമാശ
- 5.00 ഗീതാഞ്ജലി
- 6.30 ഫിലിമി തമാശ

ANIMAL PLANET

- 07:00 Too cute
- 08:00 My Cat from Hell
- 10:00 Dr jeff rocky mountain vet
- 11:00 The zoo
- 12:00 Crickey its the irvins
- 3:00 I was prey
- 5:00 Animal cribs
- 7.00 Animal cribs
- 8.00 Animal cribs

സിനിമ

ഏഷ്യാനെറ്റ് hd: 9.00 ബൽറാം Vs താരാദാസ്

ഏഷ്യാനെറ്റ് മൂവീസ്: 9.30 ഇൻ ഹരിഹർ നഗർ 12.00 കളിയൂഞ്ഞാൽ 2.30 അഥർവം 7.00 മത്തായി കുഴപ്പക്കാരനല്ല 9.30 ഉസ്താദ് ഹോട്ടൽ

ഏഷ്യാനെറ്റ് : 9.00 ഗാന്ധിനഗർ സെക്കൻഡ് സ്ട്രീറ്റ്

ഏഷ്യാനെറ്റ് പ്ലസ്: 9.30 വെറുതേ ഒരു ഭാര്യ 1.00 സ്വർണ്ണക്കടുവ 4.00 കണ്ണെഴുതി പൊട്ടുംതൊട്ട് 7.00 മൈ ബോസ് 10.00 ബസ് കണ്ടക്ടർ

എസിവി: 9.00 ഉുവൽക്കാറ്റ് 2.00 വഴിയോരക്കാഴ്ചകൾ 9.30 മാലയോഗം

ജൂക്ക് ബോക്സ്: 6.30 തലപതി (തമിഴ്)

റോസ്ബൗൾ: 6.00 കാസർകോട് ഖാദർഭായി

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2019 മാർച്ച് 22 വെള്ളി)

മേടം : *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)* പഠനത്തിൽ പുരോഗതി. കരാറിൽ ഏർപ്പെടും. ചുമതലകൾ വർദ്ധിക്കും.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)* ശാന്തിയും സമാധാനവും. വ്യവസ്ഥകൾ പാലിക്കും. സർവാദരങ്ങൾ ലഭിക്കും.

മിഥുനം : *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)* തൊഴിൽ പുരോഗതി. യാത്രകൾ ഗുണം ചെയ്യും. ജാമ്യം നിൽക്കുന്നത് ഒഴിവാക്കുക.

കർക്കടകം: *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)* കാര്യങ്ങളിൽ പുരോഗതി. സ്വന്തക്കാരുടെ സഹായം. സാമ്പത്തിക കാര്യങ്ങളിൽ ശ്രദ്ധ.

ചിങ്ങം : *(മകം, പൂരം, ഉത്രം കാൽ ഭാഗം)* സന്ദർഭങ്ങളെ ഉപയോഗപ്പെടുത്തും. പരസഹായം ലഭിക്കും. പ്രഭാഷണങ്ങൾ ശ്രവിക്കും.

കന്നി : *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)* പ്രതിസന്ധികൾ പരിഹരിക്കും. ആരോഗ്യം മെച്ചപ്പെടും. വേണ്ടപ്പെട്ടവരെ അംഗീകരിക്കും.

തുലാം : *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)* ആത്മനിയന്ത്രണം നേടും. യാഥാർത്ഥ്യങ്ങൾ മനസിലാക്കും. പ്രാർത്ഥനകൾ ഫലിക്കും.

വൃശ്ചികം : *(വിശാഖം അവസാനകാൽഭാഗം, അനിഴം, തൃക്കേട്ട)* സത്യസന്ധമായ പ്രവർത്തനം. ലക്ഷ്യപ്രാപ്തി. ശുഭകർമ്മങ്ങൾ ചെയ്യും.

ധനു: (മൂലം, പൂരാടം, ഉത്രാടം 15 നാഴിക) കൂടുതൽ പ്രയത്നം വേണ്ടിവരും. വിട്ടുവീഴ്ച ചെയ്യും. അഭിപ്രായ സമന്വയം.

മകരം: *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).* അന്യരുടെ കാര്യങ്ങളിൽ ഇടപെടരുത്. ആരോഗ്യം തൃപ്തികരം. പ്രായോഗിക ജ്ഞാനമുണ്ടാകും.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)* അഹോരാത്രം പ്രവർത്തിക്കും. പ്രവർത്തനപുരോഗതി. ഉദ്യോഗത്തിൽ ഉയർച്ച.

മീനം: *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).* വിശ്രമം വേണ്ടിവരും. ജീവിതം സന്തോഷപ്രദം. പ്രതിസന്ധികളെ തരണം ചെയ്യും.

- ഗോപകുമാർ ശർമ്മ